പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3213 11-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.അബ്ദുൽ ഹമീദ് പി. ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>നോട്ട് നിരോധനം മൂലം റവന്യൂ വരുമാനത്തിൽ കുറവ്</u>**

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽനിന്നുമുള്ള വരുമാനത്തിലാണ് കുറവുണ്ടായതെന്ന് വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31/12/16 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് നികുതി വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്.<br>നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന |

| | | |
|---|---|---|
| | | നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല.<br>സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റേയും ഡിസംബറിൽ 16.67 ശതമാനത്തിന്റേയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. |
| (ബി) | നോട്ട് നിരോധനം സംസ്ഥാനത്തെ ഏതെങ്കിലും മേഖലയിൽ മാന്ദ്യം സൃഷ്ടിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.<br>നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യ ബന്ധനം, കയർ, കൈത്തറി, കശുവണ്ടി,കൃഷി, തോട്ടങ്ങൾ തുടങ്ങിയ പലമേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്ഘടനയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-സംഭരണമേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകമടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8ന് ശേഷം റിസർവ്വ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14ലെ |

| | | |
|---|---|---|
| | | സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ്, കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്ത തിനാൽ അവയുടെ പ്രവർത്തന ത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി. |
| (സി) | നോട്ട് നിരോധനം മൂലം സംസ്ഥാനത്ത് തൊഴിൽ നഷ്ടമുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ഉണ്ടായിട്ടുണ്ട്. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.<br>2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരി ക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്ന തിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി എസ് ബി അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്ന തിന് നിർദ്ദേശം നൽകി.<br>3. നോട്ട നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ